5

# വരൂ, കാഴ്ചകൾ കാണാം



പ്രിയപ്പെട്ട ചിന്നൂ,

മാമനും മാമിക്കും അനിയേട്ടനുമൊക്കെ സുഖം തന്നെയല്ലേ?

ഞങ്ങളിവിടെ അവധിക്കാലം പൊടി പൊടിക്കുകയാണ്. വടക്കേപ്പറമ്പിലെ മാവ് ഇത്തവണ നിറച്ചും കായ്ച്ചിട്ടുണ്ട്. മാഞ്ചോട്ടിൽ ഞങ്ങളൊരു കളിപ്പന്തലും കെട്ടിയിട്ടുണ്ട്. നിങ്ങൾ എന്നാണ് വരുന്നത്? നിങ്ങൾ കൂടി വന്നിട്ട് ഒരു യാത്ര പോകാമെന്നാണ് അച്ഛൻ പറഞ്ഞത്.

അണ്ടലൂർക്കാവിലും ധർമടം തുരുത്തിലും മുഴപ്പിലങ്ങാട് ബീച്ചിലുമൊക്കെ പോകണമെന്ന് അച്ഛനോട് പറഞ്ഞിട്ടുണ്ട്.

അവധിക്കാലം തീരാറായി. ഞങ്ങളെല്ലാം നിങ്ങളെ കാത്തിരിക്കുകയാണ്. വേഗം വരണേ......

എന്ന്,

**വിപിൻദേവ്**

# ധർമടം തുരുത്തിൽ

മാമന്റെ ജീപ്പിലായിരുന്നു യാത്ര. അച്ഛനും അനിയേട്ടനും ഗമയിൽ മുൻസീറ്റിൽ. മാമിയും അമ്മയും വിപിയും അഭിയും എന്നോടൊപ്പം പിന്നിലും. ആവശ്യത്തിന് വെള്ളവും ഭക്ഷണവുമൊക്കെ കരുതിയിരുന്നു. ഏതാണ്ട് ഒമ്പത് മണിയോടെ ഞങ്ങൾ അണ്ടലൂർക്കാവിലെത്തി. പടികൾ കയറിച്ചെല്ലുന്നത് വിശാലമായ ഒരു മൈതാനത്തേക്കാണ്. വലതുഭാഗത്തായി ചുറ്റും പടവുകൾ കെട്ടിയ ക്ഷേത്രക്കുളം. മൈതാനമധ്യത്തിൽ പടർന്നുപന്തലിച്ചു നിൽക്കുന്ന പടുകൂറ്റൻ മരങ്ങൾ. അതിനുമപ്പുറത്ത് ചെമ്പകമരങ്ങൾക്കിടയിൽ ചെറിയ ചെറിയ ക്ഷേത്രക്കെട്ടിടങ്ങൾ. നൂറിൽപ്പരം വർഷങ്ങൾ പഴക്കമുള്ള ക്ഷേത്രമാണിത് എന്ന് അച്ഛൻ പറയുന്നതു കേട്ടു. കുംഭമാസം ഒന്നു  മുതൽ ഒരാഴ്ചക്കാലം നീണ്ടുനിൽക്കുന്ന ഉത്സവം ഇവിടെയുണ്ടത്രേ. ദൈവത്താർ (ശ്രീരാമൻ), അങ്കക്കാരൻ (ലക്ഷ്മണൻ), ബപ്പൂരൻ (ഹനുമാൻ) എന്നീ തെയ്യങ്ങൾ ഇവിടെ കെട്ടിയാടാറുണ്ടുപോലും.



കുറച്ചു നടന്നാൽ താഴെക്കാവിൽ എത്തും. ഞങ്ങൾ നടന്നു. അവിടെ ഞങ്ങളെ പാലപ്പൂവിന്റെ സുഗന്ധമാണ് എതിരേറ്റത്. നിറയെ വള്ളിപ്പടർപ്പുകളും മരങ്ങളും നിറഞ്ഞ ഒരു സ്ഥലം. മധ്യഭാഗത്തായി വിശാലമായ തറയുണ്ട്. ഇവിടെയാണ് രാമ-രാവണയുദ്ധം കെട്ടിയാടുന്നത്.

പെരുമ്പാമ്പുകളെപ്പോലെ തൂങ്ങിക്കിടക്കുന്ന തടിയൻ വള്ളികളിൽ കയറി കുട്ടികളെല്ലാം ഊഞ്ഞാലാടി രസിച്ചു. പേരറിയുന്നതും അറിയാത്തതുമായ എത്ര തരം പക്ഷികളാണവിടെ. പച്ചത്തത്തകൾ, വണ്ണാത്തിപ്പുള്ള്, കുയിൽ, ഇരട്ടത്തലച്ചി എന്നിവയൊക്കെ ഉണ്ടാക്കുന്ന ശബ്ദങ്ങൾ..... ഒരു മരപ്പൊത്തിൽ കണ്ണടച്ചിരുന്ന് ഉറങ്ങുന്ന മൂങ്ങയെ അഭിയാണ് കാണിച്ചുതന്നത്.

അവിടെ നിന്ന് പതിനൊന്നുമണിയോടെ ധർമടം തുരുത്തിലേക്ക് പുറപ്പെട്ടു. ചിറക്കുനി കവലയിലെത്തി. റോഡിന് വശത്തായി ഒരു മൈതാനം പോലുള്ള സ്ഥലം ചൂണ്ടിക്കാട്ടിക്കൊണ്ട് അച്ഛൻ പറഞ്ഞു. “ഇവിടെ പണ്ട് ഒരു ചിറ (കുളം) ഉണ്ടായിരുന്നു. അതുകൊണ്ടാണത്രേ ചിറക്കുനി എന്ന പേരുവന്നത്”. അവിടെ നിന്ന് ഇടത്തോട്ട് തിരിഞ്ഞ് ഒരു കയറ്റം കയറിയെത്തിയത് റെയിൽവേ ഗേറ്റിനു മുന്നിലാണ്. കടകട ശബ്ദത്തോടെ കുതിച്ചുപാഞ്ഞ നീലത്തീവണ്ടി കൗതുകത്തോടെ ഞങ്ങൾ നോക്കിനിന്നു. ഗേറ്റ് തുറന്ന് ഹൈവേയിൽ കയറിയതോടെ കടലിന്റെ ഇരമ്പം കേട്ടുതുടങ്ങി. കടൽക്കരയിലെ നനുത്ത പൂഴിയിൽ നടക്കുമ്പോൾ കാലിനടിയിൽ ഇക്കിളിപ്പെടുത്തുന്ന സുഖം. നേർത്ത തണുപ്പുള്ള കടൽക്കാറ്റിൽ പാറിപ്പറന്ന മുടിയിഴകൾ ഒതുക്കിവെക്കാൻ ഞാൻ പാടുപെട്ടു.





ഞങ്ങളെ കണ്ട ഞണ്ടിൻ കുഞ്ഞുങ്ങൾ പൂഴിപ്പരപ്പിലെ മാളങ്ങളിൽ ഓടിയൊളിച്ചു.

അതാ തോണി വന്നു; കടലിന്റെ മുഷിപ്പിക്കുന്ന മണം കാര്യമാക്കാതെ ഞങ്ങൾ തിരമാലകളുമായി തൊട്ടുതൊട്ടില്ലാ കളിയിൽ ഏർപ്പെട്ടു. കടലിനു നടുവിൽ ഉയർന്നു നിൽക്കുന്ന തുരുത്തിലേക്ക് പോകാൻ ശ്വാസം അടക്കിപ്പിടിച്ച് കൊണ്ടാണ് ഞങ്ങൾ കടലിലൂടെ തോണിയിൽ യാത്ര ചെയ്തത്. ഇറങ്ങുമ്പോൾ ചെറുതിരയിൽപ്പെട്ട് ഞാൻ വീഴാൻ പോയി. മാമൻ പിടിച്ചില്ലായിരുന്നെങ്കിൽ.... ന്റമ്മോ! ... ഓർക്കുമ്പോൾ പേടി തോന്നുന്നു. ഞങ്ങൾ തുരുത്തിലേക്ക് ഓടിക്കയറി. നിറയെ തെങ്ങും മാവും കശുമാവും വള്ളിപ്പടർപ്പുകളും നിറഞ്ഞ സ്ഥലം. മറ്റേതോ ലോകത്തെത്തിയതുപോലെ തോന്നി. ചുറ്റും നീലജലപ്പരപ്പ്. അകലെ പൊട്ടുകൾ പോലെ മീൻപിടുത്തക്കാരുടെ തോണികൾ. മഞ്ഞയും ചുവപ്പും നിറമുള്ള കശുമാങ്ങകൾ എല്ലാവരും പറിച്ചുതിന്നു. ദ്വീപിന്റെ മധ്യഭാഗത്തായി ഒരു കിണറും തകർന്നുപോയ വീടിന്റെ അവശിഷ്ടങ്ങളും കണ്ടു. തെക്കുഭാഗത്ത് നോക്കിയാൽ ദൂരെ



തലശ്ശേരിക്കോട്ടയും ലൈറ്റ്ഹൗസും ഒരു നീണ്ടവര പോലെ കടലിലേക്ക് തള്ളിനിൽക്കുന്ന കടൽപ്പാലവും കാണാമായിരുന്നു. സമയം പോയതറിഞ്ഞില്ല. അസ്തമയ സൂര്യൻ കടലിൽ മുങ്ങാൻ തുടങ്ങുമ്പോഴേക്ക് തിരിച്ചു പോകാനുള്ള തോണി എത്തി. ഒരു പകൽ മുഴുവൻ നീണ്ട അടിപൊളി യാത്ര കഴിഞ്ഞ് വീട്ടിലെത്തുമ്പോൾ ഇരുട്ടു പരന്നിരുന്നു.

### കണ്ടതും കേട്ടതും

- ചിന്നുവിനും കൂട്ടുകാർക്കും യാത്രയിൽ കാണാൻ കഴിഞ്ഞ കാര്യങ്ങൾ എന്തൊക്കെയാണ്?
- അവർ കേട്ടതോ?
- ഓർമിച്ച കാര്യങ്ങളെന്തൊക്കെ?

പാഠത്തിൽ നിന്നു കണ്ടെത്തിപ്പറയൂ.

### വായിക്കാം, വരയ്ക്കാം

താഴെക്കാവിനെക്കുറിച്ച് വിവരിച്ച കാര്യങ്ങൾ ഉറക്കെ വായിക്കൂ. അത് ഒരു ചിത്രമായി വരച്ച് നിറം കൊടുക്കൂ.

### അറിയിപ്പുകൾ

- കാൽനടയാത്രക്കാർ നടപ്പാത ഉപയോഗിക്കുക.
- പ്ലാസ്റ്റിക് സഞ്ചികൾ, കുപ്പികൾ എന്നിവ തുരുത്തിനുള്ളിൽ വലിച്ചെറിയരുത്.

ചില അറിയിപ്പ് ബോർഡുകൾ കണ്ടല്ലോ? യാത്രയ്ക്കിടയിൽ ഇത്തരം അറിയിപ്പുകൾ നിങ്ങൾ കണ്ടിട്ടുണ്ടാവും. സഞ്ചാരികൾ പാലിക്കേണ്ട ചില കാര്യങ്ങളെക്കുറിച്ച് അറിയിപ്പു ബോർഡുകൾ തയാറാക്കൂ.

### കത്തിന് മറുപടി

യാത്ര കഴിഞ്ഞ് തിരിച്ചുപോയ ചിന്നു വിപിൻദാസിന് ഒരു മറുപടിക്കത്ത് അയച്ചു. ആ കത്ത് എങ്ങനെയാവും. എഴുതി നോക്കൂ.

### വഴി പറഞ്ഞു കൊടുക്കാം

"ചിറക്കുനിയിലൂടെ വന്ന് കയറ്റം കയറി റെയിൽവേ ഗേറ്റും കടന്നാണ് അവർ കടൽത്തീരത്ത് എത്തിയത്".

ഇതു പോലെ നിങ്ങളുടെ വീട്ടിലേക്കുള്ള വഴി എങ്ങനെ പറഞ്ഞുകൊടുക്കും? ക്ലാസിൽ അവതരിപ്പിക്കൂ.

### വളരുന്ന വാക്യം

- മരങ്ങൾ
- പടുകൂറ്റൻ മരങ്ങൾ
- പടർന്നു പന്തലിച്ചു നിൽക്കുന്ന പടുകൂറ്റൻ മരങ്ങൾ

ഇതുപോലെ എഴുതിനോക്കൂ.

- വള്ളികൾ
- ........................ ........................ വള്ളികൾ
- ........................ ........................ ........................ വള്ളികൾ

### പേരുകൾ എങ്ങനെ ഉണ്ടായി?

- 'ധർമ്മടം തുരുത്തിലേക്ക്' എന്ന തലക്കെട്ടിൽതന്നെ ഒരു സ്ഥലമുണ്ട്. മറ്റ് ഏതെല്ലാം സ്ഥലങ്ങൾ കൂടി ഈ പാഠത്തിലുണ്ട്?
- 'ചിറക്കുനി' എന്ന സ്ഥലത്തിന് ആ പേരുണ്ടായതെങ്ങനെ എന്ന് വായിച്ചല്ലോ? ഇതുപോലെ നിങ്ങളുടെ പ്രദേശത്തെ ചില സ്ഥലപ്പേരുകൾക്കു പിന്നിലെ കഥകൾ അന്വേഷിക്കൂ.

### ബാലിദ്വീപിലേക്ക് പോകാം

കേരളത്തിൽ മാത്രമല്ല, ഇന്ത്യയിലും വിദേശത്തുമൊക്കെ സഞ്ചരിച്ച സാഹിത്യകാരനാണ് എസ്.കെ. പൊറ്റെക്കാട്ട്. ഇന്തോനേഷ്യയിലെ ബാലിദ്വീപിൽ അദ്ദേഹം കണ്ട കാഴ്ചകൾ വായിച്ചുനോക്കൂ.



## ഉറക്കെ വായിക്കാം

മുളവേലിയും മുള്ളുവാതിലും കടന്ന് ആ പറമ്പിൽ പ്രവേശിച്ചപ്പോൾ കേരളക്കരയിൽ നിന്ന് നാലായിരം മൈൽ അകലെക്കിടക്കുന്ന ഒരു ദ്വീപിലാണ് ഞാൻ നിൽക്കുന്നതെന്ന് എനിക്കു വിശ്വസിക്കാൻ കഴിഞ്ഞില്ല. വാഴയും ചേമ്പും കുമ്പളവും കപ്പയും സമൃദ്ധമായി നട്ടുപിടിപ്പിച്ച ഒരു പറമ്പ്. പപ്പായ മരങ്ങളും വളർന്നു നിൽക്കുന്നുണ്ട്. കുറെ തെങ്ങുകളും.

ഓലമേഞ്ഞ സാമാന്യം വലിയൊരു പുര. മുൻവശത്ത് മുറ്റം. മുറ്റത്തിന്റെ ഒരു കോണിൽ തുറസ്സായ ഒരു അടുക്കളയും, അടുക്കളയോടു തൊട്ട് ഒരു ഉരൽപ്പുരയുമുണ്ട്. മുറ്റത്തിന്റെ വേറൊരു കോണിൽ ഒരു കളപ്പുരയുണ്ട്.



കേരളത്തിൽ കണ്ടുവരുന്ന സകല സസ്യവർഗങ്ങളും ഇവിടെയുണ്ട്. വേലിക്കരികിൽ ചെമ്പരത്തി, കടലാവണക്ക്, ആടലോടകം മുതലായ പടുചെടികൾ വളർന്നു നിൽക്കുന്നു. കാട്ടുചെമ്പകമരങ്ങളും കള്ളിപ്പാലയുടെ നരച്ചുമുരടിച്ച കവരങ്ങളും ആകാശത്തിലേക്കു ചിതറിക്കൊണ്ട് ഒറ്റയായും കൂട്ടമായും ആ പറമ്പുകളിൽ പുലരുന്നുണ്ട്. തേക്കും പുളിയും പിലാവും കടച്ചക്കമരവും ആത്തച്ചക്ക മരവും വൈരപ്പുളിയും എല്ലാപറമ്പുകളിലും കാണാം.

ബാലിദ്വീപ് (എസ്.കെ. പൊറ്റെക്കാട്)

മൈൽ - ദൂരം അളക്കുന്ന പഴയ അളവ്

കവരം - കൊമ്പ്, ചില്ല

## വായിക്കാം വരയ്ക്കാം

ഈ യാത്രാ വിവരണത്തിൽ നിങ്ങളുടെ മനസ്സിൽ പതിഞ്ഞ ദൃശ്യം വരയ്ക്കൂ.

# എന്തു ഭംഗി!

വെള്ളത്തിനാഴത്തിൽ മിന്നി മിനുങ്ങുന്ന
വെള്ളാരങ്കല്ലുകൾക്കെന്തുഭംഗി!
നീർ നിരപ്പിങ്കലലസമങ്ങിങ്ങായി
നീന്തുന്ന മീനുകൾക്കെന്തുഭംഗി!
ഓളങ്ങൾ മാടിയൊതുക്കുന്ന പായലിൻ
നീളുന്ന നാമ്പുകൾക്കെന്തുഭംഗി!
തോട്ടുവെള്ളത്തിനെത്തൊട്ടിലാട്ടീടുവാ-
നെത്തുമിളം കാറ്റിനെന്തുഭംഗി!
അങ്ങനെ വീശുന്ന കാറ്റിൽ കളിക്കുന്ന
തെങ്ങിന്റെയോലകൾക്കെന്തുഭംഗി!
മേലെ മുകിലിൻ നിരകൾ തിളങ്ങുന്ന
നീല വിൺ പന്തലിനെന്തുഭംഗി!
ഉച്ചവെയിലിൽ കുളിച്ചുകിടക്കുന്ന
പച്ചത്തഴപ്പുകൾക്കെന്തുഭംഗി!
പാടവരമ്പിൽ പടർന്നു കിടക്കുന്ന
പർപ്പടപ്പുല്ലുകൾക്കെന്തു ഭംഗി!
മഞ്ഞ നക്ഷത്രക്കുലകൾ നിറഞ്ഞുടൽ
ചാഞ്ഞുപോം വേലികൾക്കെന്തുഭംഗി!
തിങ്ങുമീ ഭംഗിയുൾക്കണ്ണിൽ നിറച്ചു നാം
നീങ്ങുന്ന യാത്രകൾക്കെന്തുഭംഗി!

അതിന്നുമപ്പുറമെന്താണ്?

(പി. മധുസൂദനൻ)



### പദസൂര്യൻ

ഈ കവിതയിൽ ആർക്കൊക്കെയാണ് ഭംഗിയുള്ളതായി കവി പറഞ്ഞിട്ടുള്ളത്? പൂരിപ്പിച്ചെഴുതൂ.




### എനിക്കിഷ്ടം

നിങ്ങൾക്ക് ഈ കവിതയിലെ ഏത് കാഴ്ചയാണ് കൂടുതൽ ഇഷ്ടപ്പെട്ടത്? കാരണമെന്താണ്?

### ചങ്ങലപ്പാട്ട്

ഓരോ ഗ്രൂപ്പിനും കവിതയിലെ രണ്ടുവരി വീതം എഴുതിയ കടലാസ്, ടീച്ചർ നൽകും. ആ വരി ഈണത്തിൽ ഉറക്കെപ്പാടൂ. അടുത്ത രണ്ടുവരി അടുത്ത ഗ്രൂപ്പ്. ഇങ്ങനെ ചങ്ങലയായി ഈ പാട്ട് പാടി നോക്കൂ.

### ടീച്ചറോടൊപ്പം പാടാം

ടീച്ചർ ചൊല്ലിത്തരുന്നതിനനുസരിച്ച് എല്ലാവരും ചേർന്ന് പാടാം.



### ഭംഗി കൂട്ടുന്നതെന്ത്?

വെള്ളാരങ്കല്ലുകൾക്ക് വെള്ളത്തിനടിയിൽ മിന്നിത്തിളങ്ങുമ്പോഴാണ് ചന്തം കൂടുന്നത്. ഇങ്ങനെ ഓരോന്നിനും ഭംഗി കൂട്ടുന്നത് എന്തൊക്കെയാണെന്ന് കണ്ടെത്തി എഴുതാമോ?

### ഞാൻ മനസ്സിൽ കണ്ടത്

എല്ലാവരും വൃത്താകൃതിയിൽ നിൽക്കണം. നടുവിൽ നിൽക്കുന്ന ഒരു കുട്ടി കവിതയിലെ രണ്ടുവരി ഉറക്കെ ചൊല്ലണം. മറ്റുള്ളവർ കണ്ണടച്ച് ആ ദൃശ്യം മനസ്സിൽ കാണണം. ഇനി നിങ്ങൾ കണ്ട കാഴ്ച വിശദാംശങ്ങളോടെ അവതരിപ്പിക്കാം.

### ആൽബം നിർമിക്കാം

വിനോദസഞ്ചാരകേന്ദ്രങ്ങളെക്കുറിച്ച് പത്രങ്ങളിൽ വരുന്ന വിവരണങ്ങൾ ശേഖരിക്കൂ. ആൽബമായി മാറ്റൂ.

### കുട്ടിപ്പുസ്തകം

ടീച്ചർ നൽകുന്ന ചിത്രങ്ങൾ വരയിലൂടെ മുറിച്ചെടുത്ത് കടലാസിൽ ഒട്ടിക്കൂ. ചിത്രത്തിന് താഴെ ലഘുവിവരണവും എഴുതിച്ചേർക്കൂ. നാലു കടലാസുകളും ഒട്ടിച്ചു ചേർത്ത് ഒരു കുട്ടിപ്പുസ്തകമാക്കണം. പുസ്ത കത്തിന് കവർ വേണ്ടേ?

### എന്റെ യാത്ര

ചിന്നുവിന്റെയും പൊറ്റെക്കാടിന്റെയും യാത്രാവിവരണം വായിച്ചല്ലോ. കാഴ്ചകൾ നേരിൽ കാണുന്നതുപോലെ അനുഭവപ്പെട്ടോ? ഇനി നിങ്ങളുടെ ഓർമയിൽ തങ്ങി നിൽക്കുന്ന ഒരു യാത്രാനുഭവം എഴുതൂ. ക്ലാസിൽ അവതരിപ്പിച്ച് മറ്റുള്ളവരുടെ അഭിപ്രായങ്ങൾ കൂടി പരിഗണിച്ച് മെച്ചപ്പെടുത്തൂ.